കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) അട്ടപ്പാടിയിൽ ചിലയിടങ്ങളിൽ ബിടി കോട്ടൺ കൃഷി ചെയ്യുന്നതായി ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിത്തുൽപ്പാദനം, വിതരണം, സർട്ടിഫിക്കേഷൻ എന്നിവ നിയന്ത്രിക്കുന്നതിന് സംസ്ഥാന വിത്തു വികസന അതോറിറ്റി പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം വിത്ത്, കൃഷിയിറക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്വകാര്യ ഏജൻസികൾ വിതരണം നടത്തുന്ന വിത്തിനങ്ങളുടെ ഗുണ നിലവാരം സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് അന്വേഷണം നടത്തുന്നതാണ്. നിലവിൽ ബ്ലോക്കുതല അസിസ്റ്റന്റ് ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർ (ക്വാളിറ്റി കൺട്രോൾ) എന്നിവർ സീഡ് ഇൻസ്പെക്ടർമാരായി പ്രവർത്തിച്ചു വരുന്നു. കൂടാതെ വിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മൂന്ന് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ഡി) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, കേരള, കേരള കാർഷിക സർവ്വകലാശാല എന്നീ സർക്കാർ സ്ഥാപനങ്ങൾ വിവിധ ഇനം വിത്തുകൾ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമേ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ, ആന്ധ്രപ്രദേശ് സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളും കേരള സംസ്ഥാന വിത്തു വികസന അതോറിറ്റിയുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും വിത്തു വിതരണം നടത്തി വരുന്നുണ്ട്. വിപണന വിതരണ ശൃംഖലയെ സംബന്ധിച്ച് വിവരം ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എല്ലാ സഹകരണ സംഘങ്ങളും കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ടിൽ ചേരണമെന്ന നിർദ്ദേശം

1 (964) ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും പുതിയതായി രൂപീകരിച്ച 'കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ടിൽ' ചേരണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്കീമിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും ചേർന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്ത് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് എന്തൊക്കെ പരിരക്ഷകളാണ് നൽകുന്നത് ;

(ഡി) സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളെയും പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും 'കേരള സഹകരണ റിസ്ക് ഫണ്ട്' പദ്ധതിയിൽ ചേരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും ചേർന്നിട്ടില്ല. കേരള സഹകരണ സംഘം നിയമവും കേരള സഹകരണ സംഘം ചട്ടവും പ്രകാരം വായ്പാ വിതരണം നടത്തുന്നതിന് വായ്പാ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് മാത്രമേ അനുമതിയുള്ളൂ. ആയതിനാൽ വായ്പാ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് മാത്രമേ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിന് കഴിയുകയുള്ളൂ. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ 1362 വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നിലവിൽ അംഗങ്ങളായിട്ടുണ്ട്. വായ്പേതര സഹകരണ സംഘങ്ങളെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് നിലവിൽ അനുമതിയില്ല. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളേയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൻ കീഴിൽ കൊണ്ടു വരുന്നതിന് കഴിയുകയില്ല.

(സി) സംസ്ഥാനത്തെ വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷികവും കാർഷികേതരവുമായ (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ള) ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ ടിയാൻ മരണപ്പെടുന്ന ദിവസം ടിയാന്റെ വായ്പാ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള വായ്പാ മുതൽ തുകയും, ടി തുകയുടെ പലിശയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ടിയാന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതാണ്.

(ഡി) കേരള സഹകരണ സംഘം നിയമവും കേരള സഹകരണ സംഘം ചട്ടവും പ്രകാരം വായ്പാ വിതരണം നടത്തുന്നതിന് വായ്പാ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് മാത്രമേ അനുമതിയുള്ളൂ. ആയതിനാൽ വായ്പാ സഹകരണ സംഘങ്ങളെ/ബാങ്കുകളെ മാത്രമേ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കഴിയുകയുള്ളൂ. വായ്പേതര സഹകരണ സംഘങ്ങളെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൻ കീഴിൽ കൊണ്ട് വരുന്നതിന് അനുമതിയില്ല. മേൽ സാഹചര്യത്തിൽ എല്ലാ സഹകരണ സംഘങ്ങളേയും പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുന്നതിന് കഴിയുകയില്ല. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ എല്ലാ വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗത്വം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly